കെ.എസ്.എ. കെടിഎം.പി.4/1271/2017 തീയതി : 02.08.2017

# കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.12.16 മുതൽ 31.3.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബുജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21/7/2017മുതൽ 28/7/2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ |
| | ശ്രീ രതീഷ് സി ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ആൽബിൻ സിറിയക്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ കെ സി മാത്യു | 01/4/16 മുതൽ 18/01/17 വരെ |
| | ശ്രീമതി മഞ്ജു അജിത് (വൈസ് പ്രസിഡന്റ് ചാർജ്) | 19/1/17 മുതൽ 6/2/17 വരെ |
| | ശ്രീ ജോൺ നീലംപറമ്പിൽ | 7/2/17 മുതൽ 31/3/17 വരെ |
| സെക്രട്ടറി | ശ്രീ. ബി. സാബു | 01/4/16 മുതൽ 31/03/17 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ബിജു എം. മാത്യൂസ് | 01/04/16 മുതൽ 31/03/17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | സനീഷ് കെ.ബി.<br>സോജൻ കെ. എസ്.<br>സനീഷ് കെ.ബി. | 01/04/16 മുതൽ 30/04/16 വരെ<br>1/5/16 മുതൽ 31/5/16 വരെ<br>01/06/16 മുതൽ 31/03/17 വരെ |
| കൃഷിഓഫീസർ | ജാൻസി കെ. കോശി<br>ജോ ജോസ് സി.<br>വിപിത വി. പി. | 01/04/16 മുതൽ 18/06/16 വരെ<br>19/6/16 മുതൽ 2/2/17 വരെ<br>3/2/17 മുതൽ 31/3/17 വരെ |

| | | |
|---|---|---|
| വെറ്ററിനറിസർജൻ | ഡോ ജോജി മാത്യു | 01/04/16 മുതൽ 31/03/17 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീജ രാധാകൃഷ്ണൻ<br>മനോഹരൻ<br>രേവതിക്കുട്ടി കെ ആർ | 01/04/16 മുതൽ 3/10/16 വരെ<br>4/10/16 മുതൽ 18/12/16 വരെ<br>19/12/16 മുതൽ 31/3/17 വരെ |
| വി.ഇ.ഒ | ബിജുമോൻ കെ വി<br>അനുപമ എ റ്റി | 01/04/16 മുതൽ 31/03/17 വരെ<br>01/04/16 മുതൽ 31/03/17 വരെ |
| ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | സുലോചന പി എസ്<br>ബബിത സി. ബേബി | 01/04/16 മുതൽ 31/07/16 വരെ<br>1/8/16 മുതൽ 31/3/17 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. ബിയാമോൾ ബേബി<br>ഡോ. സോണിയ ലോറൻസ്<br>ഡോ. ബിയാമോൾ ബേബി | 01/04/16 മുതൽ 31/05/16 വരെ<br>1/6/16 മുതൽ 27/11/16 വരെ<br>28/11/16 മുതൽ 31/3/17 വരെ |
| മെഡിക്കൽഓഫീസർ ആയുർവ്വേദം | ഡോ. ജറോം വി കുര്യൻ<br>ഡോ. മഞ്ജു റ്റി. വി. | 01/04/16 മുതൽ 16/08/16 വരെ<br>17/8/16 മുതൽ 31/3/17 വരെ |
| മെഡിക്കൽഓഫീസർ<br>ഹോമിയോ | ഡോ. ജോഷി തോമസ്<br>ഡോ. ഗീത കെ. ശ്രീനിവാസൻ | 01/04/16 മുതൽ 13/01/17 വരെ<br>14/1/17 മുതൽ 31/3/17 വരെ |
| ഹെഡ് മിസ്ട്രസ്സ് | സിബി ഏലിയാസ് | 01/04/16 മുതൽ 31/03/17 വരെ |

ഉള്ളടക്കം


| വിഷയം | ഖണ്ഡിക നമ്പർ |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |

| | |
|---|---|
| വാർഷിക പദ്ധതി | 1-6 |
| തനത് വരുമാനം | 1-7 |
| തനത് ഫണ്ട് ചെലവുകൾ | 1-8 |
| ക്ഷേമ പദ്ധതികൾ | 1-9 |
| ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| ആഭ്യന്തരനിയന്ത്രണം | 1-11 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഭാഗം 2 – വരവുകണക്കുകൾ | |
| വാർഷികകണക്കുകളുടെ അവലോകനം | 2-1 |
| കളക്ഷനു കൊടുത്ത ചെക്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല | 2-2 |
| കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു | 2-3 |
| തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 2-4 |
| സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| വാടകയിനത്തിൽ 22366/- രൂപ ഈടാക്കിയിട്ടില്ല | 2-6 |
| വാടക/ലേലം – ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളും മാർക്കറ്റ് സ്റ്റാളുകളും ഒഴിഞ്ഞു കിടക്കുന്നു | 2-7 |
| വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയിരിക്കുന്നു | 2-8 |
| മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-9 |
| ലേലകുടിശ്ശിക ഈടാക്കൽ – പഞ്ചായത്തിന് അനുകൂലമായി 2013-ൽ വന്ന കോടതിവിധി നാളിതുവരെ നടപ്പായില്ല | 2-10 |
| ഡി & ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു | 2-11 |
| ബ്ലോക്ക് പഞ്ചായത്ത് കൈമാറി നൽകിയ ആസ്തികൾ പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടുത്തി ആധികാരികമാക്കേണ്ടതാണ് | 2-12 |
| സ്കൂൾ/അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന – സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല | 2-13 |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| വാടക – കുടിശ്ശിക ഈടാക്കാതെ സെക്യൂരിറ്റി നിക്ഷേപം തിരികെ നൽകി | 3-1 |
| ഗ്രാമസഭ – സംഘാടനച്ചെലവുകൾ അധികരിക്കുന്നു | 3-2 |
| കാലിത്തൊഴുത്ത് നിർമ്മാണം – മാർഗ്ഗരേഖയിലില്ല | 3-3 |
| സ്പ്രെയർ വിതരണം – കരാറിലേർപ്പെട്ടില്ല | 3-4 |
| പ്രവർത്തനക്ഷമമല്ലാത്ത എസ്.വി.ലാമ്പുകൾക്കും കെ.എസ്.ഇ.ബി. കറന്റ് ചാർജ് ഈടാക്കുന്നു | 3-5 |
| ഇ-ടെണ്ടർ – ടെണ്ടർ ഫീ., ഇ.എം.ഡി. എന്നിവ ലഭിച്ചിട്ടില്ല | 3-6 |
| മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-7 |
| പുനരധിവാസത്തിനായി സ്ഥലം വാങ്ങൽ – തുടർ പ്രവർത്തനങ്ങൾ നടത്തിയില്ല | 3-8 |
| കുടിവെള്ള പദ്ധതികൾ – പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല | 3-9 |
| പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച തുകകൾ ചെലവഴിച്ചില്ല | 3-10 |
| വിനിയോഗവിവരങ്ങൾ ലഭ്യമല്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 3-11 |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| ഇൻകം ആന്റ് എക്സ്പെൻഡിച്ചർ | അനുബന്ധം-3 |

| റസീപ്റ്റ് ആന്റ് പെയ്മെന്റ് | അനുബന്ധം-4 |
|---|---|

## ഭാഗം 1
## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 27/03/2017 തീയതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥത്തിലുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം(യഥാർത്ഥ വരവ്) | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 165442334 | 2973170 | | 162469164 |
| വരവ് | 154275396 | 56444527 | | 97830869 |
| ആകെ | 319717730 | 59417697 | | 260300033 |
| ചെലവ് | 145197030 | 56178324 | | 89018706 |
| നീക്കിയിരിപ്പ് | 174520700 | 3239373 | | 171281327 |

യഥാർത്ഥ വരവ് ചെലവ് കണക്കുകളുമായി ബജറ്റ് പൊരുത്തപ്പെടുന്നില്ല. പ്രതീക്ഷിച്ച വരവിന്റെ മൂന്നിലൊന്ന് പോലും യഥാർത്ഥത്തിൽ ലഭിച്ചില്ല. പ്രതീക്ഷിച്ച ചെലവും യഥാർത്ഥ ചെലവും തമ്മിൽ കോടികളുടെ അന്തരമുണ്ട്. മുൻവർഷത്തെ നീക്കിയിരിപ്പ് തൻവർഷ പ്രാരംഭബാക്കിയുമായി പൊരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ മനസ്സിലാക്കി ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക 17.06.2017-ൽ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടുണ്ട്.

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം നൽകി | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2973170 |
| വരവ് | 56444527 |
| ആകെ | 59417697 |
| ചെലവ് | 56178324 |

| | |
|---|---|
| നീക്കിയിരിപ്പ് | 3239373 |

## 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11904021 | 11812715 | 91306 | 99.2 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3951387 | 2935320 | 1016067 | 74.2 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 149034 | 83000 | 66034 | 55.6 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 20443536 | 10726188 | 9717348 | 52.4 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3251805 | 1689487 | 1562318 | 51.9 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6675518 | 3046452 | 3629066 | 45.6 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3504619 | 750251 | 2754368 | 21.4 |

പെർഫോമൻസ് ഗ്രാന്റിനത്തിൽ യഥാർത്ഥ അലോട്ട്മെന്റ് 3504619 രൂപയാണ്. എന്നാൽ സാംഖ്യയിൽ 4145916 രൂപയാണ് അലോട്ട്മെന്റ് ചേർത്തിരിക്കുന്നത്. വിവിധ ഫണ്ടിനങ്ങളുടെ അലോട്ട്മെന്റുകൾ സുലേഖ ചെലവുപത്രികയിലെ അടങ്കലുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-6 വാർഷികപദ്ധതി

വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നിങ്ങനെ സർക്കാർ ഉത്തരവുപ്രകാരമുള്ള പ്രാഥമിക നടപടിക്രമങ്ങളിലൂടെയാണ് 16-17-ലെ വാർഷികപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 2016 ഫെബ്രുവരി മാസത്തിൽ വിവിധ വാർഡുകളിൽ വാർഡ് വികസനസമിതികൾ/അയൽസമിതികൾ രൂപീകരിച്ചതിനെ തുടർന്ന് വിഷയമേഖലാടിസ്ഥാനത്തിൽ വിവിധവർക്കിംഗ് ഗ്രൂപ്പുകളെ തെരഞ്ഞെടുത്തത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ളവരുടെ ആവശ്യങ്ങൾ അറിഞ്ഞ് പ്രോജക്ടുകൾ തയ്യാറാക്കുന്നതിലേക്കായി 19.01.2016-ൽ വികലാംഗ ഗ്രാമസഭ ചേരുകയും, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുതകുന്ന പ്രോജക്ടുകൾ ചർച്ച ചെയ്യുന്നതിനായി 26-2-16-ൽ ഊരുകൂട്ടയോഗം ചേരുകയും പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട ആദ്യവർക്കിംഗ് ഗ്രൂപ്പുയോഗം 1-3-16-ൽ ചേർന്നു. 2016 ജൂൺമാസം 11 മുതൽ 18 വരെയുള്ള തീയതികളിൽ പദ്ധതി ആസൂത്രണ ഗ്രാമസഭകൾ സംഘടിപ്പിക്കപ്പെട്ടു.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് വർക്കിംഗ് ഗ്രൂപ്പുകൾ 2016-17 -ലെ കരട് പദ്ധതി തയ്യാറാക്കുകയുണ്ടായി. ഒക്ടോബർ മാസത്തിൽ ഗുണഭോക്തൃ ഗ്രാമസഭകൾകൂടി വാർഷികപദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 7-7-16-ൽ വികസനസെമിനാർ നടത്തി. പന്ത്രണ്ടാം പഞ്ചവൽസരപദ്ധതിയുടെ അവസാനവർഷമായ 2016-17-ലെ പദ്ധതിരൂപീകരണത്തിൽ ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ./11.1.16 പ്രകാരം പരിഷ്ക്കരിച്ച പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 6-9-16-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം വാർഷികപദ്ധതിക്ക് ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 9-9-16-ലെ 490/16/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം നമ്പർ നടപടി ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 8,52,56831 /- രൂപ അടങ്കൽ വകയിരുത്തിയിരുന്നതിൽ 3,74,36,159/-രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷികപദ്ധതി പ്രകാരം 43 സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 213 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 26 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 124 പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി തൻവർഷം 3,74,36,159/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് ശതമാനം 43.9

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും കുറവുണ്ടായി.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 5907280 | 7778227 | (+)1870947 |
| നികുതിയേതര വരവുകൾ | 9132097 | 2248151 | (-)6883946 |
| മറ്റുവരവുകൾ | 20788 | 516009 | (+)495221 |
| ആകെ | 15060165 | 10542387 | (-)4517778 |

## 1-8 തനതു ഫണ്ട് ചെലവുകൾ

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെയും വൗച്ചറുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. എന്നാൽ ഗ്രാമസഭാചെലവുകളിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നില്ല.

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 62520 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 2446090 | 313 |
| വിധവാപെൻഷൻ | 7118740 | 758 |
| വാർദ്ധക്യകാലപെൻഷൻ | 28175250 | 2707 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 2435795 | 301 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 603340 | 66 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധ 25/7/2017ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ (55323രൂപ) കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുമുണ്ട്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/5/17 | 1/17-3/17 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.2.2007 – 1.3.2007 | 2001-02 | BA(HQ/I1/8B/332/37/ 23/04/2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനം

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം -2176542 രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 99528548 രൂപയും ചെലവ് 101705090 രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 59417697 രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 56178324 രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 3239373 രൂപയാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട് കൃത്യമല്ല.

4)സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയായിട്ടില്ലാത്തിതിനാൽ വസ്തുനികുതിയുടെ ഡിമാന്റ് തുകയുടെ കൃത്യത പരിശോധിക്കാൻസാധിച്ചിട്ടില്ല.

6) 31.03.2017-ൽ ബി9 ഷെഡ്യൂളിൽ 350800101-സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിൽ ബാധ്യതയായി നിലനിൽക്കുന്ന 1,500/- രൂപ കാലഹരണപ്പെട്ട ചെക്ക് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതാണ്. നിശ്ചിത കാലാവധി കഴിഞ്ഞും അവകാശപ്പെടാതെ നിലനിൽക്കുന്ന ടി തുക പഞ്ചായത്തിന്റെ വരവായി മാറ്റേണ്ടതാണ്.
7)ബി5ഷെഡ്യൂളിൽ തിരിച്ചടക്കാനുള്ള ലോൺതുക 14320000 എന്നാണ് ബുക്ക് ചെയ്തിരിക്കുന്നത്. എന്നാൽ രാജീവ് ഗാന്ധി ഭവനവായ്പാ പദ്ധതിയിൽ 31.03.2017-ൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 10960000 രൂപയാണ്.

8)മുൻ വർഷത്തെ കണക്കുകൾ പ്രകാരം ഡി ആന്റ് ഒ ലൈസൻസ് ഇനത്തിൽ കുടിശ്ശികയില്ല.എന്നാൽ തൻവർഷം ടി ഇനത്തിൽ 9930 രൂപ അരിയർ കളക്ഷനുണ്ട് (RP-43).

9)തൊഴിൽ നികുതിയിനത്തിൽ തൻവർഷ കളക്ഷനിൽ രജിസ്റ്ററും വാർഷികകണക്കുകളുമായി 19750 രൂപയുടെ വ്യത്യാസമുണ്ട്.

10) വാടകയിനത്തിൽ രജിസ്റ്റർ പ്രകാരം 62686 രൂപ കിട്ടാനുണ്ട്. എന്നാൽ ബി 15 ഷെഡ്യൂൾ പ്രകാരം ടി തുക 61290 രൂപയാണ്. ടി ഇനത്തിൽ അരിയറായി കിട്ടാനുള്ള 125085 രൂപയുടെ കൃത്യത വ്യക്തമല്ല.

11)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ ഷെഡ്യൂൾ പ്രകാരം 1.4.16 ൽ 2518580/-രൂപ പ്രാരംഭബാക്കി കാണിച്ചിരുന്നു. വർക്കുകൾ പൂർത്തിയായ മുറയ്ക്ക് ടി തുക ക്രമീകരിച്ചിട്ടില്ല. ടി തുക കൂടി ചേർന്നതാണ് നിലവിലെ നീക്കിയിരിപ്പ്.

12)പെർഫോമൻസ് ഗ്രാന്റിനത്തിൽ യഥാർത്ഥ അലോട്ട്മെന്റ് 3504619 രൂപയാണ്. എന്നാൽ സാംഖ്യയിൽ 4145916 രൂപയാണ് അലോട്ട്മെന്റ് ചേർത്തിരിക്കുന്നത്.

13)ഓഡിറ്റ് റിക്കവറി ഇനത്തിൽ 243626 രൂപ വരവുള്ളതായി ജൂനിയർ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കുകളോടൊപ്പം നൽകിയ പത്രിക പ്രകാരം ഈ ഇനത്തിൽ 37200 രൂപ വരവുള്ളതായിട്ടാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഹെഡ് മാറി പോസ്റ്റ് ചെയ്ത തുകകൾ ക്രമീകരിക്കേണ്ടതാണ്.

14)ബി 18 ഷെഡ്യൂളിൽ 460500202 കോഡിൽ തൻവർഷത്തെ ഡെപ്പോസിറ്റുകൾ ഉൾപ്പെടുത്തിയിട്ടില്ല. 460500501 ഹെഡിൽ അംഗൻവാടി കേന്ദ്രവിഹിതം നൽകിയ തുകയും അഡ്വാൻസായിട്ടാണ് ബുക്ക് ചെയ്തിരിക്കുന്നത്.

## 2-2 കളക്ഷനു കൊടുത്ത ചെക്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല.

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം വില്ലേജ് ഓഫീസ്, കോതനല്ലൂരിന്റെ തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച 12000 രൂപ ( രസീത് നമ്പർ 1160150014 തിയതി 23.09.16 ചെക്ക് നമ്പർ 6461375 , തഹസിൽദാർ വൈക്കം) കളക്ഷനായി കുടുത്തുരുത്തി സബ് ട്രഷറിയിൽ നൽകിയിരുന്നുവെങ്കിലും നാളിതുവരെ ടി തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവു വന്നതായി കാണുന്നില്ല. ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിലും ഈ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. ചെക്കുകളുടെ കാലാവധി മൂന്ന് മാസമായിരിക്കെ പത്ത് മാസമായിട്ടും ഈ വിഷയം പരിശോധിക്കാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (18/28.07.17) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള തുടർ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും തുക നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതുമാണ്. അനന്തര നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവുവെയ്ക്കേണ്ടതാണെന്ന് 2011ലെ കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം-46 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. 30.6.2017-ൽ നടത്തിയ തനതുഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ പത്രിക പ്രകാരം തിരികെ അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക (രൂപ) |
|---|---|---|
| മാഞ്ഞൂർ എസ്.സി.ബി-190 | 10085/26-12-16 | 500 |
| മാഞ്ഞൂർ എസ്.സി.ബി-190 | 9995/29-11-16 | 1000 |

| | | |
|---|---|---|
| മാഞ്ഞൂർ എസ്.സി.ബി-190 | 2402/08-02-16 | 200 |
| എസ്.ബി.ടി, കുറുപ്പൻതറ- 67059938123 | 107501 | 4500 |

ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചേയ്യേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വി.കെ.വി.എം എൻ.എസ്.എസ് ഹൈസ്കൂളിലെ താഴെ പറയുന്ന ജീവനക്കാരിയിൽ നിന്ന് 2016-17 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരിയുടെ പേര് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | ബീനാ കുമാരി, ഹെഡ് മിസ്ട്രസ് | 441306 | 1250 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( എൻക്വയറി നമ്പർ 1 തിയതി 25-07-2017 ) ലഭ്യമാക്കിയ മറുപടി പ്രകാരം ഈ ജീവനക്കാരിയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഇരവിമംഗലം പോസ്റ്റ് ഓഫീസിലെ മഞ്ജു എം. എന്ന ജീവനക്കാരിയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ജീവനക്കാരിയുടെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|
| മഞ്ജു.എം, ജി.ഡി.എസ്.ബി.പി.എം | 60203 | 450 | 600 | 150 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( എൻക്വയറി നമ്പർ 5 തിയതി 25-07-2017 ) ലഭ്യമാക്കിയ മറുപടി പ്രകാരം കുറവായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . കുറവു വന്ന തുക ഈടാക്കി വിവരം നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. ഗ്രാമ പഞ്ചായത്ത് ഡി ആൻഡ് ഒ ലൈസൻസ് നൽകിയിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ഡി ആൻഡ് ഒ ലൈസൻസ് പ്രകാരം) |
|---|---|---|
| 1 | റോയൽ ഫ്രഷ് സൂപ്പർ മാർക്കറ്റ്, കുറുപ്പൻതറ | 5 |

| | | |
|---|---|---|
| 2 | അജയ് മാച്ച് വർക്ക്സ്, കുറുപ്പൻതറ | 10 |
| 3 | യൂണിയൻ മാച്ച് വർക്ക്സ്, കുറുപ്പൻതറ | 10 |
| 4 | പി.പി.റ്റി സ്പ്ലിൻറ്റ്സ്, കുറുപ്പൻതറ | 9 |
| 5 | എം.പി.റ്റി.ഹാർഡ് വെയേഴ്സ്, കുറുപ്പൻതറ | 4 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( എൻക്വയറി നമ്പർ 6 തിയതി 25-07-2017 ) ലഭ്യമാക്കിയ മറുപടി പ്രകാരം ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2016-17 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അടയ്ക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | കടുത്തുരുത്തി ബ്ലോക്ക് വനിത സഹകകരണ സംഘം, മാഞ്ഞൂർ | 1,2 |
| 2 | മുത്തൂറ്റ് ഫിൻ കോർപ്പ്, മാൻവെട്ടം | 1,2 |
| 3 | സപ്ലൈ കോ ലാഭം സൂപ്പർ മാർക്കറ്റ്, മാഞ്ഞൂർ | 1,2 |
| 4 | ധന്യ വുഡ് ഇൻഡസ്ട്രീസ്, കുറുപ്പൻതറ | 1,2 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

## 2-6 വാടകയിനത്തിൽ 22366/- രൂപ ഈടാക്കിയിട്ടില്ല.

2016-17 വർഷം ചുവടെ ചേർക്കുന്ന മുറികൾ വാടകയ്ക്ക് എറ്റെടുത്തിരുന്നവർ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

| വാടകമുറിയുടെ വിവരം | വാടകക്കാരൻ | പ്രതിമാസവാടക | കുടിശ്ശിക |
|---|---|---|---|
| മുറി നം.7<br>മത്സ്യമാർക്കറ്റിന് സമീപം<br>കുറുപ്പന്തറ | എം.വി.സാബു<br>മേബക്കാലായിൽ<br>മാഞ്ഞൂർ | 1853/- | 1853x12=22236 |

മേൽവിഷയം രേഖാമൂലം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ (എൻക്വയറി നം-3) തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടകയിനത്തിൽ ഈടാക്കാനവശേഷിക്കുന്ന 22236/-രൂപ നാളിതുവരെയുള്ള പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈാടാക്കേണ്ടതാണ്.

## 2-7 വാടക/ലേലം -ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളും മാർക്കറ്റ്സ്റ്റാളുകളും ഒഴിഞ്ഞുകിടക്കുന്നു.

കുറുപ്പന്തറ മത്സ്യമാർക്കറ്റിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 3 മുറികൾ ആരും വാടകയ്ക്ക് ഏറ്റെടുക്കാതെയും കോതനല്ലൂർ, കുറുപ്പന്തറ എന്നീ മാർക്കറ്റുകളിലെ 7 മത്സ്യ/മാംസ സ്റ്റാളുകളുകൾ ലേലം പോകാതെയും ഒഴിഞ്ഞുകിടക്കുന്നതായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒഴിഞ്ഞുകിടക്കുന്ന മുറികൾ/ സ്റ്റാളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

കുറുപ്പന്തറ മത്സ്യമാർക്കറ്റ്

റൂംനം.-

1)II (520B) ( എസ്.സി)

2)IV((520D)

സ്റ്റാളുകൾ

1)ഫിഷ് സ്റ്റാൾനം -6 -കുറുപ്പന്തറ

2)മാറ്റ്സ്റ്റാൾ നം- 3 -കോതനല്ലൂർ

3) ,, 4 ,,

4) ,, 5 ,,

5)ഉണക്കമീൻസ്റ്റാൾ 3 മുതൽ 5വരെ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികളും സ്റ്റാളുകളും ഇപ്രകാരം ഒഴിഞ്ഞുകിടക്കാനിടവരാതെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി പഞ്ചായത്തിന് വരുമാനദായകമാക്കി മാറ്റുന്നതിനുള്ള യുക്തമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പഞ്ചായത്തുകമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 2-8 വസ്തു നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയിരിക്കുന്നു

വസ്തു നികുതി രജിസ്റ്ററുകളും രേഖകളും പ്രകാരം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന IV/217G നമ്പർ കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | തറ വിസ്തീർണ്ണം | ഉപയോഗ ക്രമം | ഈടാക്കിയ വസ്തു നികുതി നിരക്ക് | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|
| IV/217G | ശ്രീ. കുര്യൻ പോൾ, ഫാ.വർഗ്ഗീസ് | 170.5 ച.മീ | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന<br>100 ച.മീ.ൽ താഴെയുള്ള ഹോട്ടൽ, റസ്റ്റോറൻറ്, തുടങ്ങിയവ | 35 രൂപ | 5967.5 രൂപ |

170.5 ച.മീ തറ വിസ്തീർണ്ണമുള്ളതും നിലവിൽ റോയൽ ഫ്രഷ് സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നതുമായ (ഡി ആൻഡ് ഒ ലൈസൻസ് അപേക്ഷ പ്രകാരം) ഈ കെട്ടിടത്തിന് 'വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സുകൾ' എന്നിവയുടെ നിരക്കായ 40 രൂപ/ച.മീ ൽ ആണ് ഈടാക്കേണ്ടിയിരുന്നത്. കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കിയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ 10/27.07.17) മറുപടിയായി ഈ കെട്ടിടത്തിന്റെ വസ്തു നികുതി ' വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സുകൾ ' എന്ന ഗണത്തിൽ രേഖപ്പെടുത്തി പുനർ നിർണ്ണയിച്ച് ഉടമസ്ഥനിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-9 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള താഴെ പറയുന്ന മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി 2013-14 വർഷം മുതൽ പരിഷ്കരിച്ചെങ്കിലും ഈടാക്കിയിട്ടില്ല. 14.01.2011-ലെ ജി.ഒ.(പി)19/2011/ത.സ്വ.ഭ.വ-ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500/- രൂപയായി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. സഞ്ചയ പ്രോപ്പർട്ടി ടാക്സ് മൊഡ്യൂളിലെ വിശദാംശങ്ങൾ പ്രകാരം 10 മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. അവയിൽ 4 എണ്ണം വസ്തുനികുതി ഒടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. സഞ്ചയ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥ വ്യക്തി/സ്ഥാപനം | സ്ഥല വിസ്തീർണ്ണം | വാർഷിക നികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| 1. | 8/551 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, കോട്ടയം | 14 ച.മീ | 2100 രൂപ / പഴയത് 454 രൂപ | 2011-12 മുതൽ 2016-17 വരെ |
| 2. | 3/267 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, തലയോലപറമ്പ് | 14 ച.മീ | 6615 രൂപ / പഴയത് 511 രൂപ | 2013-14 മുതൽ 2016-17 വരെ |
| 3 | 10/273 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, കോട്ടയം | 14 ച.മീ | 5880 രൂപ/ പഴയത് 2268 രൂപ | 2013-14 മുതൽ 2016-17 വരെ |
| 4 | 14/18 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, തലയോലപറമ്പ് | 16 ച.മീ | 6720 രൂപ/ പഴയത് 454 രൂപ | 2013-14 മുതൽ 2016-17 വരെ |

മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കൽ വിശദാംശങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിലെ കുടിശിക അടിയന്തിരമായി ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-10 ലേലകുടിശ്ശിക ഈടാക്കൽ- പഞ്ചായത്തിന് അനുകൂലമായി 2013-ൽ വന്ന കോടതിവിധി നാളിതുവരെ നടപ്പായില്ല.

2009-10 വർഷം ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാന്റിലെ ടോൾപിരിവ് 81,251/-രൂപയ്ക്ക് ലേലത്തിൽ പിടിച്ചിരുന്ന ശ്രീ.റജി, തെക്കേപ്പറമ്പിൽ എന്നയാൾ ലേലത്തുകയുടെ 1/4 തുകയായ 20313/- രൂപ ഡെപ്പോസിറ്റിനത്തിൽ പഞ്ചായത്തിൽ ഒടുക്കിയിരുന്നു. ടിയാനുമായുള്ള കരാറനുസരിച്ച് ബാക്കി തുകയായ 60,938/- രൂപ 4 തുല്യ ഗഡുക്കളായി അടവാക്കേണ്ടതാണ്. ഡെപ്പോസിറ്റിനത്തിൽ അടവാക്കിയിരുന്ന 3000/- രൂപ കിഴിച്ച് ബാക്കി 57,938/-രൂപ നിശ്ചയിച്ചിരുന്ന ഗഡുക്കൾ പ്രകാരം കൃത്യമായി അടവാക്കാതെ കുടിശ്ശിക വരുത്തുകയുണ്ടായി. പലതവണ നോട്ടീസ് നൽകിയെങ്കിലും തുക അടവാക്കാൻ കൂട്ടാക്കാഞ്ഞതിനാൽ തുടർനടപടികളുടെ ഭാഗമായി വൈക്കം മുൻസിഫ് കോടതിയിൽ ടിയാനെതിരെ കേസ് ഫയൽചെയ്യുകയും (കേസ് നം.o.S.202/12) ചെയ്തിരുന്നു.(2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയം സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളതുമാണ്).

കേസിൽ പഞ്ചായത്തിന് അനുകൂലമായി 30-7-13-ൽ കോടതിയുടെ അന്തിമവിധി വന്നതനുസരിച്ച് ലേലക്കാരൻ അടവാക്കാനുള്ള 57,938/-രൂപ കേസ് തീയതി മുതൽ അടവാക്കുന്നതുവരെയുള്ള കാലയളവിലേക്ക് 12% പലിശയുൾപ്പെടെ ആകെ 97575/-രൂപ ടിയാനിൽനിന്നും ഈടാക്കേണ്ടതാണ്. എന്നാൽ കോടതിവിധി നടപ്പാക്കുന്നതിനുള്ള തുടർനടപടികൾ യഥാസമയം സ്വീകരിക്കാതിരുന്നതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ടതുക നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽവിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാനും കോടതിവിധിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ കോടതിവിധിയിൻമേൽ യഥാസമയം തുടർനടപടികൾ സ്വീകരിച്ചിരുന്നില്ലായെന്നും കേസുമായി ബന്ധപ്പെട്ട ഫയൽ പഞ്ചായത്തിൽ ലഭ്യമല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ ഓഡിറ്റ് പരാമർശം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അഡ്വക്കേറ്റുമായി ബന്ധപ്പെട്ട് വിധിപ്പകർപ്പ്

വാങ്ങി എക്സിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ടെന്നും അറിയിച്ചു.

ആയതിനാൽ കോടതിവിധി നടപ്പാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടേയും ആയതിന്റെ അടിസ്ഥാനത്തിൽ റിക്കവറി നടത്തി തുകലഭ്യമായതിന്റെ വിശദാംശങ്ങളും രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-11 ഡി ആന്റ് ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിരിക്കുന്നു.

മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഡി ആന്റ് ഒ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ നിന്ന് താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് കാണുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉടമസ്ഥൻ | വിറ്റുവരവ്/ ദിവസം (അപേക്ഷ പ്രകാരം) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|
| 1 | അജയ് മാച്ച് വർക്ക്സ് | വൽസമ്മ പോൾ | 10500 | 300 | 100 | 200 |
| 2 | നീതി മെഡിക്കൽ സ്റ്റോർ | സെക്രട്ടറി, മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക് | 24000 | 500 | 200 | 300 |
| 3 | നീതി സൂപ്പർ മാർക്കറ്റ് | സെക്രട്ടറി, മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്ക് | 40000 | 1000 | 500 | 500 |
| 4 | നീതി മെഡിക്കൽ സ്റ്റോർ | സെക്രട്ടറി, വൈക്കം താലൂക്ക് ജനറൽ മാർക്കറ്റിംഗ് പ്രൊസസിംഗ് സഹകരണ സംഘം | 20000 | 500 | 10000 | 400 |
| 5 | യൂണിയൻ മാച്ച് വർക്സ് | മാണി. ജെ | 10500 | 300 | 200 | 100 |
| | ആകെ | | | | | 1500 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം. 4 തീയതി 25-07-2017) മറുപടി ലഭ്യമാക്കിയില്ല. നടപടികളുടെ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുക ഈടാക്കാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-12 ബ്ലോക്ക് പഞ്ചായത്ത് കൈമാറി നൽകിയ ആസ്തികൾ പഞ്ചായത്തിന്റെ ആസ്തിയിൽപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങളും കെട്ടിടങ്ങളിലെ ആസ്തികൾ, ഫർണീച്ചറുകൾ, ഉപകരണങ്ങൾ എന്നിവയും ലിസ്റ്റ് ചെയ്ത് ഉഴവൂർ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി കൈമാറിയത് കൈപ്പറ്റ് നൽകി ഏറ്റെടുക്കാൻ 22-6-16-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. വിശദാംശങ്ങൾ ചേർക്കുന്നു.

1)കോതനല്ലൂർ 148-ാം നമ്പർ അങ്കണവാടിയുടെ മുകളിലത്തെ നിലയിലുള്ള മാഞ്ഞൂർ വനിതാസ്വയംസഹായ കെട്ടിടവും അതിലെ ഉപകരണങ്ങളും

2)മാഞ്ഞൂർ വനിതാ ഉത്പ്പന്നവിപണനകേന്ദ്രം എന്ന കെട്ടിടവും ഫണീച്ചറുകളും

3)ഓമല്ലൂർ വനിതാ ഉത്പ്പന്നവിപണനകേന്ദ്രം

4)മാഞ്ഞൂർ 146-ാം നമ്പർ അങ്കണവാടികെട്ടിടത്തിന്റെ മുകളിൽ പ്രവർത്തിക്കുന്ന വനിതാ സ്വയംതൊഴിൽ പരിശീലനകേന്ദ്രവും ഫർണീച്ചറുകളും

കമ്മിറ്റിതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ആസ്തികൾ ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും അവയുടെ നിലവിലെ സ്ഥിതിവിവരങ്ങളും രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് അവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

കൈമാറിക്കിട്ടിയ മേൽപ്പറഞ്ഞ ആസ്തികൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആധികാരികമാക്കേണ്ടതും പദ്ധതിപ്രകാരം നിശ്ചയിക്കപ്പെട്ട ലക്ഷ്യത്തിനുവേണ്ടിത്തന്നെ ടി ആസ്തികൾ പ്രയോജനപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-13 സ്കൂൾ/അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന -സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12-9-11-ലെ 42448/EW3/2011 നമ്പർ ഉത്തരവനുസരിച്ച് പ്രീപ്രൈമറി സ്കൂളുകൾ ഉൾപ്പെടെ എല്ലാ സർക്കാർ/എയിഡഡ്/അൺഎയിഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. കൂടാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഓഫീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണെന്ന് 30-12-16-ലെ 792455/EW3/2016/ തസ്വഭവ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. എന്നാൽ പഞ്ചാത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്കൂളുകൾ മേൽപ്പറഞ്ഞ ഫിറ്റ്നസ് സാക്ഷ്യപത്രം കൂടാതെയാണ് തൻവർഷം പ്രവർത്തിച്ചത് എന്നു കാണുന്നു.

1. ആൽബെർട്ട് ലിൻ മെമ്മോറിയൽ പബ്ലിക് സ്കൂൾ , കോതനല്ലൂർ.
2. വിദ്യാ നികേതൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ , മാഞ്ഞൂർ

സ്കൂളുകൾക്ക് പുറമെ ഗ്രാമപഞ്ചായത്തിൽ സ്വന്തം കെട്ടിടത്തിലും വാടകയ്ക്കുമായി 30 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 22.03.2011- ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ മേൽ സർക്കുലറിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നില്ല.
മേൽവിഷയം സംബന്ധിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2 സി.ബി.എസ്.ഇ. സ്കൂളുകളും, അങ്കണവാടികളും ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എടുത്തിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുംപ്രകാരം ഗ്രാമപഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ/എയിഡഡ്/അൺഎയ്ഡഡ് മേഖലയിലെ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സ്കൂൾ കെട്ടിടങ്ങളുടേയും വാടകയ്ക്ക് പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ അങ്കണവാടികെട്ടിടങ്ങളുടേയും ഫിറ്റ്നസ് പരിശോധിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും നിർദ്ദേശാനുസരണം ഈടാക്കുന്ന ഫീസ് നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാടക - കുടിശ്ശിക ഈടാക്കാതെ സെക്യൂരിറ്റി നിക്ഷേപം തിരികെ നൽകി

കുറുപ്പന്തറ മത്സ്യമാർക്കറ്റിനു സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 4-ാം നമ്പർ മുറി 2015-16 വർഷം നവംബർ മാസം മുതൽ ശ്രീ.എം.ജി.ശശികുമാർ, മേനോൻകിഴക്കേതിൽ, മാഞ്ഞൂർ എന്നയാൾക്ക് പ്രതിമാസം 2000/- രൂപയ്ക്ക് അനുവദിച്ചു നൽകിയിരുന്നു. സെക്യൂരിറ്റി നിക്ഷേപമായി 50000/- രൂപ രസീതുനമ്പർ 11501100721/4-6-15 പ്രകാരം ടിയാൻ പഞ്ചായത്തിൽ ഒടുക്കിയിരുന്നതാണ്. എന്നാൽ 11/2016 മുതൽ 3/2017 വരെയുള്ള 5 മാസത്തെ വാടക അടവാക്കിയിരുന്നില്ല. തുടർന്ന് സെക്യൂരിറ്റി നിക്ഷേപം തിരികെ നൽകണമെന്ന ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വാടകയിനത്തിലുള്ള കുടിശ്ശിക 10000/- (2000x5) ഈടാക്കാതെ വൗച്ചർ നമ്പർ 21600103/6-5-16 പ്രകാരം സെക്യൂരിറ്റി നിക്ഷേപമിനത്തിലുള്ള 50000/- രൂപയും അനുവദിച്ചു നൽകി. വാടകക്കുടിശ്ശിക ക്രമീകരിക്കാതെ സെക്യൂരിറ്റി നിക്ഷേപം തിരികെ നൽകിയ നടപടി ശരിയല്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം.3, തീയതി 25.07.2017) മറുപടി ലഭ്യമാക്കിയില്ല. വാടകയിനത്തിൽ ഈടാക്കാനുള്ള 10000/-രൂപ പലിശ സഹിതം ടിയാനിൽനിന്നും ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ യഥാർത്ഥിൽ അനുവദിക്കേണ്ടതിലധികമായി അനുവദിച്ച 10000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ഗ്രാമസഭ- സംഘാടനച്ചെലവുകൾ അധികരിക്കുന്നു.

തനതുഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിലെ 18 വാർഡുകളിലും ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനായി മാത്രം തൻവർഷം രണ്ടരലക്ഷത്തോളം രൂപ ചെലവഴിച്ചതായി കാണുന്നു. ഓരോ വാർഡുകളിലും മൂന്നും നാലും തവണ ഗ്രാമസഭകൾ തൻവർഷം ചേർന്നിട്ടുണ്ട്. എന്നാൽ ഗ്രാമസഭ നടക്കാൻപോകുന്ന വിവരം ജനങ്ങളെ അറിയിക്കുന്നതിനായി അനൗൺസ്മെന്റ് നടത്തി അനൗൺസ്മെന്റ് ചാർജോ, ഈയിനത്തിൽ വാഹനവാടക നൽകുന്നതിനായോ തുക ചെലവഴിച്ചിട്ടുമില്ല. ഓരോ ഗ്രാമസഭയ്ക്കും ശരാശരി 3000/-രൂപ പ്രകാരം വിവിധ കാറ്ററിംഗ് സ്ഥാപനങ്ങളും ഹോട്ടലുകളും ടാക്സിഹൗസുകളുമാണ് കൈപ്പറ്റിയിട്ടുള്ളത്. 2016-17 പദ്ധതിരൂപീകരണത്തിനായുള്ള ആകെ ചെലവുപോലും 1.88/- രൂപ മാത്രമാണ്. മാത്രമല്ല കണ്ടിജന്റ് ചെലവുകൾക്കും അസാധാരണച്ചെലവുകൾക്കും പദ്ധതി രൂപീകരണച്ചെലവുകൾക്കും സർക്കാർ പരിധി നിശ്ചയിച്ചിട്ടുണ്ടെന്നിരിക്കെ വാർഷികപദ്ധതിയുടെ ഭാഗമായി നടത്തപ്പെടുന്ന ഗ്രാമസഭകൾക്കായി പദ്ധതിയിൽപ്പെടുത്താതെ 2.5ലക്ഷത്തിലധികം രൂപ ചെലവഴിക്കേണ്ടി വന്ന സാഹചര്യം പരിശോധിക്കേണ്ടതും ഗ്രാമസഭാ സംഘാടത്തിനായുള്ള ചെലവുകളുടെ സുതാര്യത ഉറപ്പുവരുത്തുവാനും സാമ്പത്തിക അച്ചടക്കംപാലിക്കുവാനും വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 കാലിത്തൊഴുത്ത് നിർമ്മാണം - മാർഗ്ഗരേഖയിലില്ല

പ്രോജക്ട് നമ്പർ-56/17

ചെലവ്-390000

വൗച്ചർ നമ്പർ-21601112/13.3.17-150000

21601204/28.3.17-50000

21601205/28.3.17-110000

21601200/28.3.17-80000

വെറ്ററിനറി സർജൻ നിർവ്വഹിച്ച മേൽ പ്രോജക്ടിൽ 39 ഗുണഭോക്താക്കൾക്ക് കാലിത്തൊഴുത്ത് നിർമ്മാണത്തിനായി തൻവർഷം 10000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ഓവർസിയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയത്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11.1.16 ലെ ജി.ഒ(എം.എസ്)4/16 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ കാലിത്തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി നൽകുന്നതിനെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. തൊഴുത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനാണ് ടി ഉത്തരവിൽ പരാമർശിച്ചിരിക്കുന്നത്. മാർഗ്ഗരേഖയിലില്ലാത്ത ഇനത്തിന് സബ്സിഡി നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.7 തീയതി 26.07.2017) തൃപ്തികരമായ മറുപടി ലഭ്യമായില്ല. മാർഗ്ഗരേഖയിൽ ഇല്ലാത്ത ഇനത്തിന് സബ്സിഡി നൽകണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമായിരുന്നു. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തയിനത്തിന് സബ്സിഡി നൽകാൻ മുൻ മാർഗ്ഗരേഖ പിൻതുടരാമെന്ന മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ ഈ ഇനത്തിലുള്ള 390000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 സ്പ്രെയർ വിതരണം - കരാറിലേർപ്പെട്ടില്ല

പ്രോജക്ട് നമ്പർ-71/17

ചെലവ്-27675(വികസനഫണ്ട്)

9234(ഗുണഭോക്തൃവിഹിതം)

വൗച്ചർ നമ്പർ 21601170/25.3.17-27675

21601143/21.3.17-9234

നിർവ്വഹണോദ്യോഗസ്ഥ-കൃഷി ഓഫീസർ

18 കുടുംബശ്രീ യൂണിറ്റുകൾക്ക് സ്പ്രേയർ (ASPEE BACK PACK 13 LTR) വിതരണം ചെയ്തയിനത്തിൽ സംഘമൈത്രി, കുറുപ്പംതറ എന്ന സ്ഥാപനത്തിന് 36909/- രൂപ നൽകിയിട്ടുണ്ട്. സംഘമൈത്രിയിൽ നിന്നുള്ള പർച്ചേസ് ബിൽ മാത്രമാണ് ഓഡിറ്റിന് ലഭ്യമായത്. കുടുംബശ്രീ യൂണിറ്റുകളുടെ അഫിലിയേഷൻ സംബന്ധിച്ച രേഖകൾ, അപേക്ഷകൾ, യന്ത്രം സംരക്ഷിക്കുന്നതുസംബന്ധിച്ച കരാർ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 11.1.16 ലെ ജി.ഒ(എം.എസ്) 4/16 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ യന്ത്രത്തിന്റെ സംരക്ഷണം സംബന്ധിച്ച് കരാർ വെയ്ക്കണമെന്ന് പരാമർശിച്ചിട്ടുള്ളതാണ്. അപാകതകൾക്ക് രേഖാമൂലം മറുപടി ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. മേൽ അപാകതകൾ മൂലം സ്പ്രെയർ വിതരണത്തിനായി ചെലവഴിച്ച 36909/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 പ്രവർത്തക്ഷമമല്ലാത്ത എസ്.വി.ലാമ്പുകൾക്കും കെ.എസ്.ഇ.ബി കറന്റ്ചാർജ് ഈടാക്കുന്നു.

പഞ്ചായത്ത് എല്ലാമാസവും ശരാശരി 80000/-നും 85000/-നും ഇടയിലുള്ള തുകയാണ് സ്ട്രീറ്റ്ലൈറ്റുകളുടെ കറന്റ് ചാർജിനത്തിൽ അടവാക്കിപ്പോരുന്നത്. ആയതിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 26 സോഡിയംവേപ്പർ ലാമ്പുകളും ഉൾപ്പെടുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ മണ്ണാറപ്പള്ളി ജംഗ്ഷൻ, കുറുപ്പന്തറക്കടവ്, മാൻവെട്ടം ജംഗ്ഷൻ, കക്കത്തുകവല, 6-ാം മൈൽ പഴേമഠം എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന എസ്.വി.ലാമ്പുകൾ മാസങ്ങളായി പ്രവർത്തനരഹിതമാണെന്നും എന്നാൽ ഇവയുടേതുൾപ്പെടെയുള്ള കറന്റ് ചാർജാണ് കെ.എസ്.ഇ.ബി ഈടാക്കിപ്പോരുന്നതെന്നും ആയതിനാൽ ഇവയുടെ ചാർജ് ഈടാക്കുന്നത് ഒഴിവാക്കി നൽകുന്നതിന് കെ.എസ്.ഇ.ബി-യോട് അഭ്യർത്ഥിക്കുന്നതിനും 22-6-16-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നു(നം-XIII). എന്നാൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമായിട്ടില്ല. എന്നാൽ എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് തീരുമാനത്തിൻ മേൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി.

പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത വിളക്കുകൾ കണ്ടെത്തേണ്ടതും അവയുടെ കറന്റ് ചാർജ് ഒഴിവാക്കി ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-6 ഇ-ടെണ്ടർ - ടെണ്ടർ ഫീ , ഇ. എം. ഡി. എന്നിവ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2016-17 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുണ്ട്. ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീ , ഇ.എം.ഡി. തുടങ്ങിയവ സ്വീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എ ഇ യുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നിലവിലുള്ളതാണ് . (GO(MS)318/2013/LSGD/28.09.13, CIRCULAR No.DB1-7942/2013/CE/LSGD/10.10.13,19.12.16,21.12.16). ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കേണ്ട ടെണ്ടർ ഫീ, ഇ. എം. ഡി. എന്നിവ ടി അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തു ലഭിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഈ ഇനത്തിൽ ലഭിക്കേണ്ട തുക നാളിതുവരെ അക്കൗണ്ടിലേയ്ക്ക് ലഭിച്ചിട്ടില്ല. 2016-17 വർഷം ഇ.എം. ഡി., ഇനത്തിൽ 94900/- രൂപ, ടെണ്ടർ ഫീ ഇനത്തിൽ 7900/- രൂപ (ആകെ 102800/- രൂപ) ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുള്ളതായി മറുപടി നൽകിയിട്ടുണ്ട്. ഓരോ പ്രവൃത്തികൾക്കും ടെണ്ടർ നൽകിയ കരാറുകാരിൽ നിന്നും ലഭിച്ച ടെണ്ടർ ഫീ , ഈടാക്കേണ്ട ഇ.എം. ഡി. എന്നിവയുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി നൽകി ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുക ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 മെഡിക്കൽ ഓഫീസർമാർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

1. പ്രോജക്ട് : 158/16-17:- ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 100000

ചെലവ് : 100000

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നമ്പർ : 1/16-17 തീയതി : 22.02.2017

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രി, മാഞ്ഞൂരിന് മരുന്ന് വാങ്ങുന്നതിനായി 100,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 22260/- രൂപയുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് കാണുന്നു. മരുന്ന് ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 22,260/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പ്രോജക്ട് നമ്പർ 51/16-17:- മാഞ്ഞൂർ പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 100000

ചെലവ് : 100000

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ബിൽ നമ്പർ : 6/16-17 തീയതി : 21.02.2017, 30000 രൂപ

ബിൽ നമ്പർ : 8/16-17 തീയതി : 16.03.2017, 70000 രൂപ

മേൽ പ്രോജക്ട് പ്രകാരം മാഞ്ഞൂർ പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങുന്നതിനായി 100,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 70000/- രൂപയുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ 70,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-8 പുനരധിവാസത്തിനായി സ്ഥലം വാങ്ങൽ-തുടർ പ്രവർത്തനങ്ങൾ നടത്തിയില്ല

എസ് .സി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ 3 ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തൻ വർഷം 4 സെന്റ് സ്ഥലം വീതം വാങ്ങി നൽകിയിട്ടുണ്ട്. പ്രസന്ന ചക്കാലമഠം, അനീഷ് കുമാർ വല്ലാട്ടുനിരപ്പേൽ, പി കെ രാജു പോങ്ങംചിറ എന്നീ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത് (225000 x 3=675000). സ്ഥലങ്ങൾ പോക്കുവരവ് ചെയ്ത് ഗുണഭോക്താക്കളുടെ പേരിൽ കരം ഒടുക്കിയിട്ടുമുണ്ട്. എന്നാൽ 17-18 വർഷം പുനരധിവാസത്തിന്റെ തുടർ പ്രവർത്തനമായി ടി ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുവാൻ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനായി ടി ഗുണഭോക്താക്കൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി ഭവനനിർമ്മാണത്തിനുള്ള ധനസഹായവും തുടർ വർഷങ്ങളിൽ നൽകേണ്ടതാണ്.

## 3-9 കുടിവെള്ള പദ്ധതികൾ - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ ചേർക്കുന്ന കുടിവെള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. പ്രൊ.നം. 47/17 - മഞ്ഞപ്പാട്ട കുടിവെള്ള പദ്ധതി- വാർഡ് -7

2.പ്രൊ.നം. 224/17 - ഇരവിമംഗലം കുടിവെള്ള പദ്ധതി - വാർഡ് -2

3.പ്രൊ.നം. 27/17 - ബി. കെ. പുരം കുടിവെള്ള പദ്ധതി -വാർഡ് -7

12-ആം പദ്ധതി മാർഗ്ഗരേഖ (GO(MS) 4/2016/LSGD/11.1.16) പ്രകാരം കുടിവെള്ള പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം പരമാവധി സമാഹരിക്കുവാൻ ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികളിൽ ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് കാണുന്നു. കൂടാതെ മാർഗ്ഗരേഖയിലെ ഖ. 8.VII പ്രകാരം നിർവഹണം പൂർത്തിയായ കുടിവെള്ള പദ്ധതികൾ കരാർ ഉണ്ടാക്കി ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും തുടർ നടത്തിപ്പും സംരക്ഷണവും അവർ നിർവഹിക്കേണ്ടതുമാണ്. ഇപ്രകാരം പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്തത് മൂലം ഇരവിമംഗലം കുടിവെള്ള പദ്ധതിയുടെ മോട്ടോർ പുതിയത് സ്ഥാപിക്കുന്നതിനായി 1500/- രൂപ ഗ്രാമ പഞ്ചായത്തിന് ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതികൾക്ക് പരമാവധി ഗുണഭോക്തൃ വിഹിതം സമാഹരിക്കുവാൻ ശ്രദ്ധിക്കേണ്ടതും നിർവഹണം പൂർത്തിയായ കുടിവെള്ള പദ്ധതികൾ കരാർ ഉണ്ടാക്കി ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതുമാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച തുകകൾ ചെലവഴിച്ചില്ല.

വിവിധ വർഷങ്ങളിലായി പ്രത്യേക ഉദ്ദേശത്തിനായി ലഭിച്ച ചുവടെ ചേർക്കുന്ന തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

| ഇനം | ആരിൽ നിന്ന് ലഭിച്ചു | തുക |
|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | എക്സി.ഡയറക്ടർ ശുചിത്വമിഷൻ | 512338 |

| | | |
|---|---|---|
| ഉൽപ്പാദന ബോണസ് | കൃഷി വകുപ്പ്(സാംഖ്യ ആരംഭിച്ച നാൾ മുതൽ ക്യാരി ഓവർ ചെയ്യുന്ന തുക) | 3954 |
| ഐ സി ഡി എസ് | കേന്ദ്രവിഹിതം | 987446 |

നിലവിൽ ടി തുകകൾ തനതുഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്.ടി തുകകൾ അക്കൗണ്ട്സിന്റെ B4 ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ട്. തുകകളുടെ വരവ് സംബന്ധിച്ച ചെക്ക് /ഡി ഡി നമ്പർ ,വർഷം ,ചെലവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായില്ല.

ഓരോ ഇനത്തിനും ലഭിച്ച തുകകൾ അതാത് ആവശ്യത്തിന് ചെലവഴിക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.അല്ലാത്തപക്ഷം തിരികെ അടക്കേണ്ടതാണ്.ഐ സി ഡി എസ് കേന്ദ്രവിഹിതമിനത്തിൽ തൻവർഷം 508037 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ ടി ഇനത്തിലുള്ള ബാലൻസിന്റെ കൃത്യത പരിശോധിച്ച് നിർണ്ണയിക്കേണ്ടതാണ്.

## 3-11 വിനിയോഗവിവരങ്ങൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

2016-17 വർഷം, വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി നിർവ്വഹണസ്ഥാപനങ്ങൾ/ഏജൻസികൾക്ക് കൈമാറിയ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകാത്തതിനാൽ ആകെ ചെലവു തുക 4049564/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കൈമാറിയ തുക | നിർവ്വഹണസ്ഥാപനം | വൗച്ചർ നം./ ഡി.ഡി.നം. | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 254/17-വിവിധ വാർഡുകളിൽ സ്ട്രീറ്റ്ലൈൻ വലിക്കൽ | 761958/-<br>274950/-<br>227950/-<br>1264858/- | കെ.എസ്.ഇ.ബി,കുറുപ്പന്തറ<br>കെ.എസ്.ഇ.ബി,നീണ്ടൂർ<br>കെ.എസ്.ഇ.ബി,കടുത്തുരുത്തി | 21601293/31-3-17 | സെക്രട്ടറി |
| 2 | ,, | 300210/- | കെ.എസ്.ഇ.ബി.,കുറുപ്പന്തറ | 21601295/31-3-17 | സെക്രട്ടറി |
| 3 | ,, | 371000/- | ,, | 21601296/31-3-17 | സെക്രട്ടറി |
| 4 | 251/17 സ്ട്രീറ്റ് ലൈൻ വലിക്കൽ (എസ്.സി) | 136984/- | ,, | 21601298/31.3.17 | അസിസ്റ്റന്റ് സെക്രട്ടറി |
| 5 | 112/17 | 81512/- | ,, | 21601294/31-3-17 | സെക്രട്ടറി |
| 6 | 170/17 -എസ്.എസ്.എ വിഹിതം നൽകൽ | 100000/- | പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ,കോട്ടയം | 21601190/27-3-17 | സെക്രട്ടറി |
| 7 | 55/17 കന്നുകുട്ടിപരിപാലനപദ്ധതി (വനിത) | 675000 | അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം ജില്ല | ബിൽ നം. 8/17/ 28.3.17 | വെറ്റിനറി സർജൻ |
| 8 | 57/17 കന്നുകുട്ടി പരിപാലനം (ജനറൽ) | 900000 | അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം ജില്ല | ബിൽ നം. 9/17/ 28.3.17 | വെറ്റിനറി സർജൻ |

| | | | | | |
|---|---|---|---|---|---|
| 9 | 192/17 പി.എം.എ.വൈ (ജനറൽ) | 220000 | സെക്രട്ടറി, ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 21601281/31.3.17 140000/- 21601218/30.3.17 80000/- | വി.ഇ.ഒ. |
| | ആകെ | 4049564 | | | |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഫണ്ട് ലഭിച്ചിട്ടില്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കെഎസ് ഇ.ബി | 136984 | 251/17,പന്ത്രണ്ട്,പതിനാറ് വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 136984 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| കെ.എസ്.ഇ.ബി | 81512 | 212/17,വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 81512 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| കെ.എസ്.ഇ.ബി | 1936068 | 254/17,വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 1936068 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പാ തുക(16-17 വരെ) | തിരിച്ചടവ് | ബാലൻസ് |
|---|---|---|---|---|
| രാജീവ്ഗാന്ധി ഭവനപദ്ധതി | നം 50580/ഡിബി1/14 ത.സ്വ.ഭ.വ 1.8.14 | 1330000 | 1000000(15-16) 1340000(16-17) | 10960000 |

ലോൺ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. തിരിച്ചടക്കാനവശേഷിക്കുന്ന പലിശയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 243626/- രൂപ വരവുള്ളതായി ജൂനിയർ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വാർഷിക കണക്കുകളോടൊപ്പം നൽകിയ പത്രിക പ്രകാരം ഈ ഇനത്തിൽ 37200/- രൂപ വരവുള്ളതായിട്ടാണ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ഹെഡ് മാറി പോസ്റ്റ് ചെയ്ത തുകകൾ ക്രമീകരിക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | - | 2013-14 | 5-3 | വികേന്ദ്രീകൃതാസൂത്രണവും വ്യവസായതൊഴിൽ സംരംഭവും | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59417697 (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56178324 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 37136 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4578733 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 12000 | -- | ശ്രീ.ബി.സാബു, സെക്രട്ടറി |
| 2-4(1) | 1250 | -- | ശ്രീ.ബി.സാബു, സെക്രട്ടറി |
| 2-4(2) | 150 | -- | ശ്രീ.ബി.സാബു, സെക്രട്ടറി |
| 2-6 | 22236 | -- | ശ്രീ.ബി.സാബു, സെക്രട്ടറി |
| 2-11 | 1500 | -- | ശ്രീ.ബി.സാബു, സെക്രട്ടറി |
| ആകെ | 37136 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10000 | ശ്രീ.ബി.സാബു, സെക്രട്ടറി |
| 3-3 | 390000 | ഡോ.ജോജി മാത്യു, വെറ്ററിനറി സർജൻ |
| 3-4 | 36909 | ശ്രീമതി വിപിത വി.പി., കൃഷി ഓഫീസർ |
| 3-7 (1) | 22260 | ഡോ.ഗീത കെ.ശ്രീനിവാസൻ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-7(2) | 70000 | ഡോ.ബിയാമോൾ ബേബി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-11 (1,2,3,5,6) | 2117580 | ശ്രീ.ബി.സാബു, സെക്രട്ടറി |
| 3-11 (4) | 136984 | ശ്രീ.ബിജു എം.മാത്യു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 (7, 8) | 1575000 | ഡോ.ജോജി മാത്യു, വെറ്ററിനറി സർജൻ |
| 3-11 (9) | 220000 | ശ്രീമതി അനുപമ എ.റ്റി., എൽ.വി.ഇ.ഒ. |
| ആകെ | 4578733 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബി.സാബു, സെക്രട്ടറി | സെക്രട്ടറി, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് | ഐശ്വര്യ ഭവൻ, തലയാഴം പി.ഒ., വൈക്കം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി4/542/00 31.3.16 |
| 1998-99 | എൽ.എഫ്.കെ.പി5/1262/07 21.4.08 |
| 2000-01,01-02 പ്ളാൻ | എൽ.എഫ്.കെ.പി5/542/00 31.3.16 |
| 2003-04 | എൽ.എഫ്.കെ.പി5/206/ 08 9.10.09 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി5/907/ 04 9.3.04/8.8.15 |
| 2001-02 | എൽ.എഫ്.കെ.പി4/445/അദാ14 26.11.14 |
| 2002-03 | എൽ.എഫ്.കെ.പി4/445/14 12.1.15 |

| | |
|---|---|
| 2004-05 | എൽ.എഫ്.കെ.പി4/445/14(1) 12.1.15 |
| 2006-07 | എൽ.എഫ്.കെ.പി4/445/14(3) 29.1.15 |
| 2007-08 | എൽ.എഫ്.കെ.പി9/1368/11 1.8.15 |
| 2008-09 | എൽ.എഫ്.കെ.പി9/1388/11 2.9.15 |
| 2009-10,2010-11 | എൽ.എഫ്.കെ.പി4/1147/12 23.5.16/15.6.16 |
| 2011-12 | എൽ.എഫ്.കെ.പി4/317/15 20.4.15 |
| 2012-13 | എൽ.എഫ്.കെ.പി4/14/15 1.4.16 |
| 2013-14,14-15 | കെ.എസ്.എ കെടിഎംപി4 602/16 5.9.16 |
| 2015-16 | കെ.എസ്.എ കെടിഎംപി4 1937/16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി.4/1271/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 02.08.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-)ം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം